ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14-12-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഊർജസംരക്ഷണം വർത്തമാനകാലത്തിൻറെ അനിവാര്യതയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു; ദേശീയ ഊർജസംരക്ഷണ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

   **President Droupadi Murmu says energy conservation is no longer an option but a necessity of the present time; Felicitates winners of National Energy Conservation Awards 2025.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജോർദൻ, ഒമാൻ, എത്യോപ്യ പര്യടനത്തിന് നാളെ തുടക്കമാകും.

   **Prime Minister Narendra Modi's tour of Jordan, Oman, and Ethiopia will begin tomorrow.**

3. ഓസ്ട്രേലിയയിലെ ബോണ്ടി തീരത്തുണ്ടായ ഭീകരാക്രമണത്തിൽ 12 മരണം; അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Terror Attack at Bondi Beach, Australia Kills 12; PM Modi Condemns Bondi Beach Terror Attack.**

4. ഡൽഹിയിൽ വായു മലിനീകരണം അതിരൂക്ഷം. ഗുരുതരസാഹചര്യം മുൻനിർത്തി എല്ലാ സ്കൂളിലും ഒൻപത് മുതൽ പതിനൊന്നുവരെ ക്ലാസുകൾ ഹൈബ്രിഡ് രീതിയിൽ നടത്താൻ നിർദ്ദേശം.

   **Air Pollution reaches severe category in Delhi; Government directs all schools to conduct classes in hybrid mode up to Class IX and class XI.**

5. ജനാധിപത്യത്തിൽ, ഓരോ സ്ഥാപനവും പരിധികൾ മനസ്സിലാക്കി പരസ്പരം ബഹുമാനിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ.

**Kerala Governor Rajendra Vishwanath Arlekar said that in a democracy, every institution should understand its limits and respect each other.**

6. സ്ക്വാഷ് ലോകകപ്പിൽ ഇന്ത്യക്ക് കന്നിക്കിരീടം; ദക്ഷിണാഫ്രിക്കയ്ക്കെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബൗളിംഗ് തെരഞ്ഞെടുത്തു.

**India Wins Squash World Cup; India Wins Toss, opts to Bowl Against South Africa in Dharamsala T-20.**

**&&&&&&&&&&&&&&&&**

## PRESIDENT ENERGY CONSERVATION - INTRO

ആധുനിക കാലത്തെ ഏറ്റവും പ്രധാന ആവശ്യകതയാണ് ഊർജസംരക്ഷണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഊർജ ഉപയോഗം കുറയ്ക്കുക മാത്രമല്ല, വിവേകത്തോടെയും കാര്യക്ഷമമായും ഉപയോഗിക്കുക എന്നതും കൂടിയാണ് ഊർജസംരക്ഷണം കൊണ്ട് അർഥമാക്കുന്നതെന്ന് അവർ പറഞ്ഞു.

(വോയിസ്- രാഷ്ട്രപതി)

ദേശീയ ഊർജസംരക്ഷണ ദിനത്തിൽ, ന്യൂഡൽഹിയിൽ ഈ വർഷത്തെ ദേശീയ ഊർജസംരക്ഷണ പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്തു.

**&&&&&&&&&&&&&&&&**

## KERALA ENERGY AWARD

സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണപ്രദേശങ്ങളുടെയും ഊർജ കാര്യക്ഷമത വിലയിരുത്തുന്ന ദേശീയ സൂചികയിൽ ഒന്നാം സ്ഥാനത്തുള്ള കേരളം രാഷ്ട്രപതിയിൽനിന്നു പുരസ്കാരം ഏറ്റുവാങ്ങി. ഊർജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ പുനീത് കുമാർ, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാർ എന്നിവർ പുരസ്കാരം സ്വീകരിച്ചു.

&&&&&&&&&&&&&&&&

## PM - THREE NATION VISIT- INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് നാളെ തുടക്കമാകും. അബ്ദുല്ല രണ്ടാമൻ ബിൻ അൽ ഹുസൈൻ രാജാവിന്റെ ക്ഷണപ്രകാരം ജോർദനിൽ പ്രധാനമന്ത്രി സന്ദർശനം നടത്തും. ജോർദനുമായി നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനം. പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഈ മാസം 16ന് എത്യോപ്യയിലും, തുടർന്ന് ഒമാനിലും പ്രധാനമന്ത്രി സന്ദർശനം നടത്തും. ജോർദനിലേക്കുള്ള പ്രധാനമന്ത്രിയുടെ സന്ദർശനത്തിൽ ഏറെ പ്രതീക്ഷയുണ്ടെന്ന് പ്രവാസിയായ ജോബി മാത്യു പറഞ്ഞു.

( വോയിസ്....)

&&&&&&&&&&&&&&&&

## AUSTRALIA - SHOOT OUT

ഓസ്ട്രേലിയയിൽ, സിഡ്നിയിലെ ബോണ്ടി തീരത്ത് ഭീകരർ നടത്തിയ വെടിവയ്പ്പിൽ 12 പേർ കൊല്ലപ്പെട്ടു. 28 പേർക്ക് പരിക്ക്. സംഭവം ഞെട്ടിപ്പിക്കുന്നതും ദുഃഖകരവുമാണെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസ് പറഞ്ഞു. ആക്രമണത്തെ അപലപിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, ഭീകരതയ്ക്കെതിരായ പോരാട്ടത്തിനു പിന്തുണ പ്രഖ്യാപിച്ചു.

വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറും ആക്രമണത്തെ അപലപിച്ചു.

&&&&&&&&&&&&&&&&

## SUMATRA FLOOD

ഇന്തോനേഷ്യയിലെ വടക്കുപടിഞ്ഞാറൻ ദ്വീപായ സുമാത്രയിലുണ്ടായ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ആയിരത്തിലധികം പേർ മരിച്ചു. ഒരു ലക്ഷത്തിലധികം കെട്ടിടങ്ങൾ തകർന്നു. മലാക്ക കടലിടുക്കിൽ രൂപംകൊണ്ട ചുഴലിക്കാറ്റ്, ശ്രീലങ്ക, തായ്ലൻഡ്, മലേഷ്യ, വിയറ്റ്നാം എന്നിവയുൾപ്പടെയുള്ള തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും നാശം വിതച്ചു.

&&&&&&&&&&&&&&&&

## ELECTION COMMISSION

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ച പ്രചാരണ സാമഗ്രികൾ ഉടൻ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. നീക്കം ചെയ്യാത്തവ തദ്ദേശസ്ഥാപനങ്ങൾ നീക്കം ചെയ്ത്, സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തുമെന്നും കമ്മീഷണർ അറിയിച്ചു. കേരളത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം ഈ മാസം 18 വരെ തുടരും.

&&&&&&&&&&&&&&&&

## LAKSHADWEEP EVACUATION

ലക്ഷദ്വീപിൽ അടിയന്തര ചികിത്സ ആവശ്യമായി വന്ന 75 വയസുകാരനെ തീര സംരക്ഷണ സേനയുടെയും അഗത്തി വിമാനത്താവള അധികൃതരുടെയും സഹായത്തോടെ

ഡോണിയർ വിമാനമാർഗ്ഗം കൊച്ചിയിലെത്തിച്ചു. അഗത്തി ദ്വീപ് സന്ദർശിക്കാനെത്തിയ കൊൽക്കത്ത സ്വദേശിയെയാണ് രക്ഷപെടുത്തിയത്.

&&&&&&&&&&&&&&&&

## MESSI - MUMBAI

ഇന്ത്യൻ പര്യടനത്തിന്റെ ഭാഗമായി ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി മുംബൈയിൽ എത്തി. ബ്രാബോൺ സ്റ്റേഡിയത്തിൽ പേഡൽ ഗോട്ട് കപ്പ് മത്സരത്തിൽ പങ്കെടുത്ത മെസ്സി, വാംഖഡെ സ്റ്റേഡിയത്തിലും എത്തി. മെസ്സിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് കൊൽക്കത്തയിൽ സംഘർഷമുണ്ടായ പശ്ചാത്തലത്തിൽ മുംബൈയിൽ സുരക്ഷാക്രമീകരണങ്ങൾ കർശനമാക്കി.

&&&&&&&&&&&&&&&&

## PM SCINDIA ARTICLE

ഇന്ത്യയുടെ സാംസ്കാരിക സമ്പന്നതയുടെയും വടക്കുകിഴക്കൻ മേഖലയുടെ വർദ്ധിച്ചുവരുന്ന ആത്മവിശ്വാസത്തിന്റെയും ആഘോഷമാണ് നാഗാലാൻഡിന്റെ ഹോൺബിൽ മേളയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഹോൺബിൽ മേളയെക്കുറിച്ച് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ ലേഖനം പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പങ്കുവച്ചു.

&&&&&&&&&&&&&&&&

## VP- C P RADHAKRISHNAN

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് ന്യൂഡൽഹിയിലെ വസതിയിൽ ഇന്ത്യൻ പോലീസ് സർവീസ്, ഇന്ത്യൻ ഫോറസ്റ്റ് സർവീസ് ട്രെയിനി ഓഫീസർമാരുമായി സംവദിച്ചു. ഹരിയാന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ പ്രത്യേക

ഫൗണ്ടേഷൻ കോഴ്സിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരാണ് ഉപരാഷ്ട്രപതിയെ സന്ദർശിച്ചത്.

&&&&&&&&&&&&&&&&

## DELHI AIR POLLUTION – INTRO

ഡൽഹിയിൽ വായു മലിനീകരണം അതിരൂക്ഷം. ഗുരുതരസാഹചര്യം മുൻനിർത്തി എല്ലാ സ്കൂളുകളിലും 9 മുതൽ 11 വരെ ക്ലാസുകൾ ഹൈബ്രിഡ് രീതിയിൽ നടത്താൻ വിദ്യാഭ്യാസ ഡയറക്ടറേറ്റ് നിർദ്ദേശം നൽകി. ദേശീയ തലസ്ഥാന മേഖലയിലെ വായു ഗുണനിലവാര സൂചിക പലയിടങ്ങളിലും 400 കടന്ന പശ്ചാത്തലത്തിലാണു തീരുമാനം.

വിശദാംശങ്ങളിലേക്ക്...
( വോയിസ്....)

## DELHI AIR POLLUTION- VOICE

ഡൽഹിയിലെ വായുമലിനീകരണം പ്രതിരോധിക്കുന്നതിനായി ഗ്രേഡഡ് റെസ്പോൺസ് കർമപദ്ധതിയുടെ നാലാം ഘട്ട നടപടികൾ പ്രാബല്യത്തിൽ വന്നു. ഈ മാസം നടക്കാനിരുന്ന കായികമത്സരങ്ങൾ മാറ്റിവയ്ക്കാൻ വായു ഗുണനിലവാര പരിപാലന കമ്മീഷൻ നിർദ്ദേശിച്ചു. തുറസായ ഇടങ്ങളിലെ കായിക പരിശീലങ്ങൾ ഉൾപ്പടെ നിർത്തിവയ്ക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, കായിക സംഘടനകൾക്കും, തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും നിരോധനം ഏർപ്പെടുത്തി. അവശ്യസേവനങ്ങൾക്കല്ലാതെ ട്രക്കുകൾ പോലുള്ള വലിയ വാഹനങ്ങൾ ഡൽഹിയിലേക്ക് പ്രവേശിക്കുന്നതും നിരോധിച്ചു. എല്ലാ സർക്കാർ, സ്വകാര്യ ഓഫീസുകളിലും 50 ശതമാനം ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം ഏർപ്പെടുത്താൻ ഡൽഹി സർക്കാർ നിർദേശം നൽകി.
ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&&

## REV DAY-IMD WEATHER

തെലങ്കാനയിലും കർണാടകയുടെ ഉൾപ്രദേശങ്ങളിലും നാളെ ശീതക്കാറ്റിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. അടുത്ത നാലുദിവസത്തേക്ക് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കനത്ത മൂടൽമഞ്ഞിനും സാധ്യത. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കു സാധ്യതയെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&

## GOVERNOR -AWARD

ജനാധിപത്യത്തിൽ, ഓരോ സ്ഥാപനത്തിനും അതിന്റേതായ പരിധികളുണ്ടെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. അത് മനസ്സിലാക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് ആരോഗ്യകരമായ പ്രവർത്തനത്തിന് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസും കേരള ഗവർണറുമായിരുന്ന പി. സദാശിവത്തിന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ പുരസ്കാരം സമ്മാനിക്കുകയായിരുന്നു ഗവർണർ.

&&&&&&&&&&&&&&&&

## CM KERALA

സാങ്കേതികവിദ്യ പുതിയ അവസരങ്ങൾ തുറക്കുകയും ഓരോ പൗരനെയും ശാക്തീകരിക്കുകയും ചെയ്യുന്ന ഘട്ടത്തിലേക്ക് കേരളം നീങ്ങുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സ്റ്റാർട്ടപ് മിഷൻ സംഘടിപ്പിച്ച ഹഡിൽ ഗ്ലോബൽ-2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

&&&&&&&&&&&&&&&&

## SABARIMALA

മണ്ഡല മകരവിളക്കിനു നട തുറന്നതുമുതൽ ശബരിമല സന്നിധാനത്ത് എത്തിയ ആകെ തീർഥാടകരുടെ എണ്ണം 25 ലക്ഷത്തോടടുക്കുന്നു. മണ്ഡലകാലത്തിനു സമാപനം കുറിക്കാൻ 12 ദിനം മാത്രം ബാക്കിനിൽക്കേ വരുംദിനങ്ങളിൽ ദർശനത്തിനായി സന്നിധാനത്തെത്തുന്ന ഭക്തരുടെ എണ്ണം ഇനിയും വർധിക്കും.

&&&&&&&&&&&&&&&&

## SQUASH WORLDCUP

സ്ക്വാഷ് ലോകകപ്പിൽ, കന്നിക്കിരീടം ചൂടി ഇന്ത്യ. ചെന്നൈയിൽ നടന്ന ഫൈനലിൽ ഇന്ത്യ ടോപ് സീഡായ ഹോങ്കോങ്ങിനെയാണ് പരാജയപ്പെടുത്തിയത്. ഇന്ത്യയുടെ ജോഷ്ന ചിന്നപ്പ, അഭയ് സിംഗ്, അനാഹത് സിംഗ് എന്നിവർ മികച്ച പ്രകടനം കാഴ്ച വച്ചു.

&&&&&&&&&&&&&&&&

## INDIA- SA T-20

പുരുഷ ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ ബാറ്റിങ്ങിനയച്ചു. ഹിമാചൽ പ്രദേശിലെ ധർമശാലയിലാണ് മത്സരം. ഒടുവിൽ വിവരം കിട്ടുമ്പോൾ ദക്ഷിണാഫ്രിക്ക 5-ാാം ഓവറിൽ 3 വിക്കറ്റിന് 14 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&

## UNDER 19 CRICKET

ഏഷ്യ കപ്പ് അണ്ടർ 19 ഏകദിന ക്രിക്കറ്റിൽ പാകിസ്ഥാനെ 90 റൺസിന് പരാജയപ്പെടുത്തി ഇന്ത്യ. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നേടിയ 240 റൺസ് പിന്തുടർന്ന പാകിസ്ഥാൻ 150 റൺസിന് എല്ലാവരും പുറത്തായി.

&&&&&&&&&&&&&&&&

## SUPER LEAGUE FOOTBALL

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണിലെ സെമി ഫൈനൽ പോരാട്ടങ്ങൾക്ക് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ തുടക്കം. ആദ്യ സെമിയിൽ നിലവിലെ ചാമ്പ്യന്മാരായ കാലിക്കറ്റ് എഫ്.സി - കണ്ണൂർ വാരിയേഴ്സ് എഫ്.സിയെയാണ് നേരിടുന്നത്.

&&&&&&&&&&&&&&&&

## RAILWAYS ELECTRIFICATION

റെയിൽവേയുടെ മുഴുവൻ ബ്രോഡ്-ഗേജ് ശൃംഖലയുടെയും വൈദ്യുതീകരണം അവസാനഘട്ടത്തിലെന്ന് കേന്ദ്രസർക്കാർ. 2019 മുതൽ 2025 വരെ 33,000 കിലോമീറ്ററിലധികം വൈദ്യുതീകരിച്ചതായി റെയിൽവേ മന്ത്രാലയം അറിയിച്ചു. ജർമ്മനിയുടെ മുഴുവൻ റെയിൽവേ ശൃംഖലയുടെ ദൈർഘ്യത്തിന് തുല്യമായ ദൂരമാണിതെന്നും മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&

## DELHI POLICE - SPURIOUS MEDICINES

ഉത്തർപ്രദേശിലെ ഗാസിയാബാദിൽ വ്യാജമരുന്നു നിർമാണവുമായി ബന്ധപ്പെട്ട് രണ്ടുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. പ്രശസ്ത ബ്രാൻഡുകളുടെ കീഴിൽ വ്യാജമരുന്നുകൾ നിർമ്മിച്ചു വിതരണം ചെയ്യുന്ന സംഘത്തെയാണ് പൊലീസ്

പിടികൂടിയത്. നിർമ്മാണശാല റെയ്ഡ് ചെയ്ത് ഏഴായിരത്തി അഞ്ഞൂറിലധികം മരുന്നുകൾ പൊലീസ് പിടിച്ചെടുത്തു.

&&&&&&&&&&&&&&&&

## US ENVOY BERLIN

യുക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകളുടെ ഭാഗമായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രത്യേക ദൗത്യസഖ്യം ഇന്ന് ബെർലിനിൽ എത്തി. യുക്രെയ്നിൽ സമാധാനം ഉറപ്പാക്കാനും റഷ്യ വീണ്ടും അധിനിവേശം നടത്തില്ലെന്ന് ഉറപ്പാക്കാനുമാണ് ശ്രമിക്കുന്നതെന്ന് യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി പറഞ്ഞു.

&&&&&&&&&&&&&&&&

&&&&&&&&&&

&&&